LIBRARY ARCHIVES Kerala Legislative Assembly

ചാക്ക ക്വാർട്ടേഴ്സിൽ നടന്ന വിജിലൻസ് അന്വേഷണം

118 [1242] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് താമസിക്കുന്നതിനുവേണ്ടി തിരുവനന്തപുരം സിറ്റിക്കുള്ളിൽ എത്ര ക്വാർട്ടേഴ്സുകളാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ എല്ലാ ക്വാർട്ടേഴ്സുകളിലും ഇപ്പോൾ താമസക്കാരുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര ക്വാർട്ടേഴ്സുകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ചാക്കയിലുള്ള ക്വാർട്ടേഴ്സിൽ വിജിലൻസ് അന്വേഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 868 എണ്ണം.

(ബി) 856 ക്വാർട്ടേഴ്സുകളിൽ താമസക്കാരുണ്ട്.

(സി) 12 എണ്ണം.

(ഡി) ഉണ്ട്.

(ഇ) വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ അനധികൃത താമസക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മൂന്നാംപാലം-ഒടുങ്ങോട്-മമ്മാക്കുന്ന് റോഡിന് സാങ്കേതിക അനുമതി

119 [1243] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്.-IX-ൽപ്പെടുത്തി നിർമ്മിക്കുന്ന എടക്കാട് ബ്ലോക്കിലെ മൂന്നാംപാലം-ഒടുങ്ങോട്-മമ്മാക്കുന്ന് റോഡിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആർ.ഐ.ഡി.എഫ്.-IX-ലെ പ്രവർത്തികൾ നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) സാങ്കേതികാനുമതി നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ?